തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട് പി.ഒ., തിരൂർ, മലപ്പുറം - 676 502

സംഗ്രഹം

തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവകലാശാല - കാലാവധി പൂർത്തിയാക്കിയ അക്കാദമിക് കൗൺസിൽ നാമനിർദ്ദേശം ചെയ്യപ്പെട്ടതും ഔദ്യോഗികവുമായ അംഗങ്ങളെ ഉൾപ്പെടുത്തി പുനഃസംഘടിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

## വൈസ് ചാൻസലറുടെ കാര്യാലയം

നമ്പർ: 208/2013/വി.സി. തീയതി, തിരൂർ: 31-12-2020

പരാമർശം : (1) 13.07.2018 & 21.07.2018 എന്നീ തീയതികളിലെ ഇതേ നമ്പർ സർവകലാശാല ഉത്തരവുകൾ

(2) 18.11.2020 ലെ ബഹു: ചാൻസലറുടെ GS 5 - 3049/2020 എന്ന നമ്പർ കത്ത്.

(3) 17.12.2020 ലെ 1761/എഫ്.ഡി./അക്കാദമികം/2020 എന്ന സർവകലാശാല വിജ്ഞാപനം.

(4) 29.12.2020ലെ 225/2015/വി.സി (വാല്യം II) എന്ന നമ്പർ സർവകലാശാല ഉത്തരവ്.

(5) 30.12.2020ലെ 117/2015/വി.സി എന്ന നമ്പർ സർവകലാശാല ഉത്തരവ്.

### ഉത്തരവ്

പരാമർശം (1) പ്രകാരം, പുനഃസംഘടിപ്പിക്കപ്പെട്ട തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവകലാശാലയുടെ അക്കാദമിക് കൗൺസിലിന്റെ കാലാവധി 2020 ജൂലൈ 12 നു പൂർത്തിയാക്കിയതിനാൽ കൗൺസിൽ പുനഃസംഘടിപ്പിക്കേണ്ടതുണ്ട്.

തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവകലാശാല നിയമം 2013, അദ്ധ്യായം III വകുപ്പ് 16 ഉപവകുപ്പ് (1) ൽ നിഷ്കർഷിച്ചിട്ടുള്ള വിധമായിരിക്കണം അക്കാദമിക് കൗൺസിൽ പുനഃസംഘടിപ്പിക്കേണ്ടത്.

പരാമർശം (2) പ്രകാരം, അക്കാദമിക് കൗൺസിൽ പുനഃസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി മൂന്ന് ശ്രേഷ്ഠരായ പണ്ഡിതരെ ബഹു. ചാൻസലർ നാമനിർദ്ദേശം ചെയ്തിട്ടുണ്ട്.

പരാമർശം (3) പ്രകാരം, ബഹു. ചാൻസലർ നാമനിർദ്ദേശം ചെയ്ത ഏഴുപേരെ വിവിധ ഫാക്കൽറ്റികളുടെ ഡീൻമാരായി നിയമിച്ചുകൊണ്ട് സർവകലാശാല വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

പരാമർശം (4) പ്രകാരം, രൂപീകൃതമായിട്ടുള്ള ഗവേഷണ കൗൺസിലിൽ നിന്നുള്ള മൂന്നു വൈസ് ചെയർമാന്മാരും അക്കാദമിക് കൗൺസിലിൽ അംഗങ്ങളായിരിക്കുന്നതാണ്.

പരാമർശം (5) പ്രകാരം, തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവകലാശാല പഠന സ്കൂളുകളിലെ വകുപ്പ് അദ്ധ്യക്ഷ പദവി നിർത്തലാക്കി തൽസ്ഥാനത്ത് സ്കൂൾ ഡയറക്ടർമാരെ നിയോഗിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാ വസ്തുതകളും വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവകലാശാല നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം താഴെപറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി അക്കാദമിക് കൗൺസിൽ പുനഃസംഘടിപ്പിച്ചുകൊണ്ട് വൈസ് ചാൻസലർ ഉത്തരവായിട്ടുണ്ട്.

1. ഡോ. വി. അനിൽകുമാർ (വൈസ് ചാൻസലർ)
2. ഡോ. ടി. ബി. വേണുഗോപാലപണിക്കർ (ഡീൻ, മലയാളഭാഷാപഠന ഫാക്കൽറ്റി)
3. ഡോ. സി. പി. അച്യുതനുണ്ണി (ഡീൻ, സാഹിത്യ ഫാക്കൽറ്റി)

*(തുടർച്ച.......2)*

4. കലാമണ്ഡലം ഹൈമവതി (ഡീൻ, കലാ ഫാക്കൽറ്റി)
5. ഡോ. എം.ആർ. രാഘവവാരിയർ (ഡീൻ, പൈതൃകപഠന ഫാക്കൽറ്റി)
6. ഡോ. കെ.ജി. പൗലോസ് (ഡീൻ, പാരമ്പര്യവിജ്ഞാന സമ്പ്രദായ ഫാക്കൽറ്റി)
7. ഡോ. കർണമഹാരാജൻ (ഡീൻ, മാധ്യമ ഫാക്കൽറ്റി)
8. ഡോ. പി.കെ. പോക്കർ (ഡീൻ, സാമൂഹ്യശാസ്ത്ര ഫാക്കൽറ്റി)
9. ഡോ. ലിസ്സി മാത്യു (ഗവേഷണ കൗൺസിൽ വൈസ് ചെയർമാൻ)
10. ഡോ. സി. രാജേന്ദ്രൻ (ഗവേഷണ കൗൺസിൽ വൈസ് ചെയർമാൻ)
11. ഡോ. ചാക്കപ്പൻ. സി. ഡി (ഗവേഷണ കൗൺസിൽ വൈസ് ചെയർമാൻ)
12. വിദ്യാർത്ഥിക്ഷേമ ഡയറക്ടർ
13. ഡയറക്ടർ ഭാഷാശാസ്ത്രപഠന സ്കൂൾ
14. ഡയറക്ടർ സാഹിത്യപഠനസ്കൂൾ
15. ഡയറക്ടർ സാഹിത്യരചന സ്കൂൾ
16. ഡയറക്ടർ മാധ്യമപഠന സ്കൂൾ
17. ഡയറക്ടർ ചരിത്രപഠന സ്കൂൾ
18. ഡയറക്ടർ സംസ്കാരപൈതൃകപഠന സ്കൂൾ
19. ഡയറക്ടർ സോഷ്യോളജി സ്കൂൾ
20. ഡയറക്ടർ പരിസ്ഥിതിപഠന സ്കൂൾ
21. ഡയറക്ടർ തദ്ദേശ വികസനപഠന സ്കൂൾ
22. ഡയറക്ടർ ചലച്ചിത്രപഠന സ്കൂൾ
23. ഡയറക്ടർ എഴുത്തച്ഛൻപഠന സ്കൂൾ
24. രജിസ്ട്രാർ
25. ശ്രീ എം.ടി. വാസുദേവൻ നായർ (പണ്ഡിതൻ)
26. ശ്രീ കെ. സച്ചിദാനന്ദൻ (പണ്ഡിതൻ)
27. ഡോ. ജെ പ്രസാദ് (പണ്ഡിതൻ)

സർവകലാശാല ലൈബ്രേറിയൻ, മ്യൂസിയം ക്യൂറേറ്റർ എന്നീ തസ്തികകളിൽ നിയമനം നടത്തുന്ന മുറയ്ക്ക് ഇവയുമായി ബന്ധപ്പെട്ട അംഗങ്ങളെ ഉൾപ്പെടുത്തി അക്കാദമിക് കൗൺസിൽ വിപുലീകരിക്കുന്നതാണ്.

അക്കാദമിക് കൗൺസിലിന്റെ പ്രവർത്തനകാലാവധി 2 വർഷമായിരിക്കുന്നതാണ്. കൗൺസിലിന്റെ അംഗസംഖ്യയുടെ മൂന്നിൽ ഒന്ന് ($^1/_3$) യോഗത്തിന്റെ ക്വാറം ആയിരിക്കുന്നതാണ്. യോഗത്തിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് നിയമാനുസൃതമായ യാത്രാബത്തയ്ക്കും ദിനബത്തയ്ക്കും മറ്റും അർഹതയുണ്ടായിരിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട ചെലവുകൾ അതത് സാമ്പത്തികവർഷത്തെ 'III അക്കാദമിക് പ്രവർത്തനങ്ങൾ (1) അക്കാദമിക് കോഴ്സുകൾ 5. പഠനബോർഡ് യോഗങ്ങൾ, സിറ്റിങ് ഫീസ്, താമസം, ഭക്ഷണം, യാത്രാചെലവ്, മറ്റു ചെലവുകൾ' എന്ന ബജറ്റ് ശീർഷകത്തിൽ നിന്നു വഹിയ്ക്കാവുന്നതാണ്.

മേൽപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

രജിസ്ട്രാർ

എല്ലാ അംഗങ്ങൾക്കും

പകർപ്പ്:
വൈസ് ചാൻസലറുടെ കാര്യാലയം / രജിസ്ട്രാറുടെ കാര്യാലയം/
ഫിനാൻസ് ഓഫീസർ / പരീക്ഷാകൺട്രോളർ/
ജെ.ഡി, കെ.എസ്.എ.എഡി – തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല/
പി.ആർ.ഒ./വെബ്സൈറ്റ് / ഓഫീസ് രേഖ / കരുതൽ രേഖ